സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ

# പീപ്പിൾസ് റിവ്യൂ

Estd : 2007
സത്യാന്ന പ്രമദിതവ്യം
സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ

2023 ജൂൺ 17 ശനി

ptnizar@rediffmail.com 9037319971

www.peoplesreview.co.in

PUBLISHED FROM KOZHIKODE email: peoplesreviewdaily@gmail.com Ph. 0495 2769086, 9037319971 P.B. NO. 15 വില: 2 രൂപ

## മണിപ്പൂരിൽ വീണ്ടും സംഘർഷം രൂക്ഷമാകുന്നു

# സൈനിക യൂണിഫോം ധരിച്ച് ആക്രമണം ഉണ്ടായേക്കാം

## കേന്ദ്ര ഇന്റലിജൻസിന്റെ മുന്നറിയിപ്പ്



ഇംഫാൽ: മണിപ്പൂരിൽ വീണ്ടും സംഘർഷം രൂക്ഷമാകുന്ന സാഹചര്യത്തിൽ മുന്നറിയിപ്പുമായി കേന്ദ്ര ഇന്റലിജൻസ്. അക്രമികൾ സുരക്ഷാസേനയുടെ യൂണിഫോം ധരിച്ച് വെടിവെയ്പ്പ് നടത്താൻ സാധ്യതയുണ്ടെന്നാണ് മുന്നറിയിപ്പ്. പോലിസിന്റെ ആയുധശേഖരം കൊള്ളയടിക്കപ്പെട്ടന്നാണ് പുറത്തുവരുന്ന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. ഏകോപിതമായ ആക്രമണത്തിലൂടെ സംസ്ഥാനത്തെ കലാപം ആളിക്കത്തിക്കാനുള്ള നീക്കമാണ് കലാപകാരികൾ നടത്തുന്നതെന്നും മുന്നറിയിപ്പ് നിർദേശത്തിലുണ്ട്. അതേസമയം കേന്ദ്രസഹമന്ത്രി രാജ്കുമാർ രഞ്ജന്റെ വീടിന് തീവച്ച സംഭവത്തിൽ അന്വേഷണം തുടങ്ങിയിട്ടുണ്ട്. ബിഷപ്പൂർ ജില്ലയിലെ ഒരു തയ്യൽക്കാരൻ 500 മണിപ്പൂർ പോലിസ് കമാൻഡോ യൂണിഫോമുകൾ തുന്നാൻ കരാർ എടുത്തിരുന്നുവെന്ന് ഇന്റലിജൻസ് ഏജൻസി കണ്ടെത്തി. ചുരാന്ദ്പൂർ, ഇംഫാൽ ഈസ്റ്റ്, ഇംഫാൽ വെസ്റ്റ് എന്നിവിടങ്ങളിലെ വിവിധ പ്രദേശങ്ങളിൽ കലാപകാരികൾ കമാൻഡോകളായി വേഷംമാറി ആക്രമണം നടത്തിയേക്കും. ഇന്നും നാളെയുമായി അക്രമം ശക്തമാക്കാനാണ് തീരുമാനമെന്ന് സംശയിക്കുന്നതായും കേന്ദ്ര ഇന്റലിജൻസ് ഏജൻസി വ്യക്തമാക്കി. ശനിയാഴ്ച പുലർച്ചെ ഇംഫാലിൽ ജനക്കൂട്ടവും സുരക്ഷാ സേനയും തമ്മിലുണ്ടായ ഏറ്റുമുട്ടലിൽ രണ്ട് പ്രദേശവാസികൾക്ക് ഗുരുതരമായി പരുക്കേറ്റു. ബി.ജെ.പി നേതാക്കളുടെ വീടുകൾക്ക് നേരെ ജനക്കൂട്ടം അക്രമം അഴിച്ചുവിട്ടു. രണ്ട് വീടുകൾ കത്തിക്കാൻ ശ്രമം നടന്നു. ചുരാചന്ദ്പൂരിലും ബിഷ്ണുപൂരിലും റബർ ബുള്ളറ്റുകൾ ഉപയോഗിച്ച് സുരക്ഷാസേന ജനക്കൂട്ടത്തെ പിരിച്ചുവിട്ടു. ക്വാക്ത, കാങ്വായ് പ്രദേശങ്ങളിൽ കഴിഞ്ഞ ദിവസം മുതൽ സംഘർഷങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. മെയ്തെയ് വിഭാഗത്തിന്റെ പട്ടിക വർഗ പദവിയുമായി ബന്ധപ്പെട്ട തർക്കമാണ് മണിപ്പൂരിൽ സംഘർഷത്തിന് തുടക്കം കുറിച്ചത്. ജനസംഖ്യയുടെ 64 ശതമാനത്തോളം വരുന്ന ഗോത്രേതര വിഭാഗമാണ് മെയ്തെയ്. ഇവരിൽ ഭൂരിഭാഗവും ഹിന്ദു സമുദായത്തിൽപ്പെട്ടവരാണ്. നാഗ, കുക്കി വിഭാഗത്തിൽ വരുന്ന 35 ശതമാനത്തോളം ഗോത്ര വിഭാഗക്കാരിൽ ഭൂരിഭാഗവും ക്രിസ്ത്യൻ സമുദായത്തിൽപ്പെട്ടവരുമാണ്.

ദീർഘനാളായി പറയുന്ന തങ്ങളുടെ പിന്നോക്കാവസ്ഥ പരിഗണിച്ച് പട്ടിക വർഗ്ഗ പദവി വേണമെന്ന് മെയ്തെയ് വിഭാഗക്കാർ ആവശ്യം ഉന്നയിച്ചിരുന്നു. മെയ്തെയ് വിഭാഗക്കാരുടെ വാദമനുസരിച്ച് 1949ൽ മണിപ്പൂർ ഇന്ത്യയോട് ചേരുന്നത് വരെ തങ്ങളെ ഗോത്രമായി പരിഗണിച്ചിരുന്നെന്നും എന്നാൽ അതിന് ശേഷം പദവി നഷ്ടപ്പെട്ടന്നുമാണ് വ്യക്തമാക്കുന്നത്. അതേ സമയം, നാഗ, കുക്കി വിഭാഗങ്ങൾ ഇതിനെ എതിർക്കുകയായിരുന്നു. പട്ടികവർഗ പദവി ലഭിക്കുമ്പോൾ തങ്ങളുടെ ജോലി സാധ്യത കുറയുമെന്നും നാഗ, കുക്കി വിഭാഗങ്ങൾ ആരോപണം ഉന്നയിച്ചിരുന്നു.



ബിപോർജോയ് ചുഴലിക്കാറ്റിനെ തുടർന്ന് റോഡിലേക്ക് മറിഞ്ഞുവീണ മരം നീക്കം ചെയ്യുന്നു

## ബിപോർജോയ് രാജസ്ഥാനിലേക്ക്; കാറ്റും കോളും ഒഴിയാതെ ഗുജറാത്ത്

ന്യൂഡൽഹി: ഗുജറാത്ത് തീരത്ത് കനത്ത നാശം വിതച്ച ബിപോർജോയ് രാജസ്ഥാനിലേക്ക് കടന്നു. രാവിലെ 11 മണിയോടെ ജലോർ, ചനോഡ്, മാർവർ മേഖലയിൽ ചുഴലിക്കാറ്റ് വീശുമെന്നാണ് നിഗമനം. മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വേഗതയിൽ ബിപോർജോയ് ചുഴലിക്കാറ്റ് വീശുമെന്നാണ് കാലാവസ്ഥാ വകുപ്പിന്റെ അനുമാനം. ദേശീയ ദുരന്ത നിവാരണ സംഘത്തെ ഉൾപ്പെടെ മേഖലയിൽ നിയോഗിച്ചിട്ടുണ്ട്. ഗുജറാത്തിൽ നിന്ന് ബിപോർജോയ് രാജസ്ഥാനിലേക്ക് നീങ്ങുന്നതിനാൽ ഇന്നും നാളെയും രാജസ്ഥാനിൽ അതിശക്തമായ മഴയും കാറ്റും ഉണ്ടാകുമെന്നാണ് മുന്നറിയിപ്പ്.

ചുഴലിക്കാറ്റ് കടന്നുപോയ ഗുജറാത്തിലെ കച്ച് സൗരാഷ്ട്ര മേഖലയിലും ഇന്ന് കനത്ത മഴ പെയ്യും. ഗുജറാത്തിൽ വലിയ നാശം വിതച്ചാണ് ബിപോർജോയ് ചുഴലിക്കാറ്റ് കടന്നുപോയത്. സംസ്ഥാനത്ത് അയ്യായിരത്തോളം വൈദ്യുത പോസ്റ്റുകൾ തകർന്നതോടെ 4600 ഗ്രാമങ്ങളിൽ വൈദ്യുതി വിതരണം മുടങ്ങി. ഇതിൽ 3500ഓളം ഗ്രാമങ്ങളിൽ വൈദ്യുതി പുനഃസ്ഥപിച്ചിട്ടുണ്ട്. ആയിരത്തോളം ഗ്രാമങ്ങൾ ഇപ്പോഴും ഇരുട്ടിലാണ്. അതിർത്തി മേഖലകളിൽ ആശയവിനിമയ സംവിധാനം തകർന്ന് കിടക്കുകയാണ്. ബിപോർജോയിയുടെ സ്വാധീനത്താൽ ഡൽഹിയിലും ഇന്നലെ മഴ പെയ്തിരുന്നു. ഇന്നും രാജ്യതലസ്ഥാനത്ത് മഴയ്ക്ക് സാധ്യതയുണ്ട്. ചുഴലിക്കാറ്റിന്റെ തീവ്രത കുറഞ്ഞെങ്കിലും സഞ്ചാരപാതയിൽ മഴയും കാറ്റും തുടരുന്നുണ്ട്. ചുഴലിക്കാറ്റിന്റെ വേഗത കുറയുകയാണെന്ന് ഐ.എം.എ.ഡി ഡയരക്ടർ ജനറൽ മൃത്യുഞ്ജയ് മൊഹാപാത്ര പറഞ്ഞു.

ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ ഉത്തർപ്രദേശിന്റെയും മധ്യപ്രദേശിന്റെയും ചില ഭാഗങ്ങളിൽ ഞായറാഴ്ച മുതൽ മഴ പെയ്യുമെന്ന് കാലാവസ്ഥാ നിരീക്ഷകർ അറിയിച്ചു. ഡൽഹി, മഹാരാഷ്ട്ര, ഗോവ, മധ്യപ്രദേശ്, ഗുജറാത്ത്, കേരളം, എന്നീ സംസ്ഥാനങ്ങളിൽ അടുത്ത മൂന്ന് ദിവസം ഒറ്റപ്പെട്ട കനത്ത മഴയുണ്ടാകും. വരും മണിക്കൂറിൽ കേരളത്തിലെ എല്ലാ ജില്ലകളിലും നേരിയ മഴയ്ക്ക് സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. കേരള-കർണാടക തീരത്തും ലക്ഷദ്വീപിലും മത്സ്യബന്ധനത്തിന് പോകരുതെന്നും നിർദേശമുണ്ട്. ഗുജറാത്ത് തീരത്ത് കരതൊട്ട ബിപോർജോയ് ചുഴലിക്കാറ്റ് കച്ച് സൗരാഷ്ട്ര മേഖലയിൽ കനത്ത നാശനഷ്ടങ്ങളാണ് വിതച്ചത്. മണിക്കൂറിൽ 140 കിലോമീറ്റർ ശരാശരി വേഗത്തിലാണ് ചുഴലിക്കാറ്റ് ഗുജറാത്ത് തീരം തൊട്ടത്. ഗുജറാത്ത് മുഖ്യമന്ത്രി ദുരിതബാധിത പ്രദേശങ്ങളിലെ ജില്ലാ കലക്ടർമാരോട് അവരുടെ ജില്ലകളിലെ നാശനഷ്ടങ്ങൾ വിലയിരുത്താൻ സർവേ നടത്താൻ ഉത്തരവിട്ടു. ജാംനഗർ ജില്ലയിലെ 367 ഗ്രാമങ്ങളിൽ വൈദ്യുതി വിതരണം പുനഃസ്ഥാപിച്ചു. നിരവധി പേർക്ക് പരുക്കേറ്റിട്ടുണ്ട്. ഗതാഗത തടസം സൃഷ്ടിച്ച് റോഡിലേക്ക് മറിഞ്ഞ് വീണ മരങ്ങളും നീക്കി വരികയാണ്.



തമിഴ്നാട് ബി.ജെ.പി സെക്രട്ടറി എസ്.ജി സൂര്യയെ അറസ്റ്റ് ചെയ്തപ്പോൾ

## സി.പി.എം എം.പിക്കെതിരായ പരാമർശം; തമിഴ്നാട് ബി.ജെ.പി സെക്രട്ടറിയെ അറസ്റ്റ് ചെയ്തു

ചെന്നൈ: തമിഴ്നാട് ബി.ജെ.പി സെക്രട്ടറി എസ്.ജി സൂര്യ അറസ്റ്റിൽ. മധുര എം.പി വെങ്കടേശ്വൻ, സി.പി.എം കൗൺസിലർ വിശ്വനാഥൻ എന്നിവർക്കെതിരേയുള്ള വ്യാജ പരാമർശത്തിലാണ് അറസ്റ്റ്. മധുര ജില്ലാ സൈബർ പോലിസാണ് എസ്.ജി സൂര്യയെ അറസ്റ്റ് ചെയ്തത്.

രണ്ടാഴ്ച മുൻപാണ് അറസ്റ്റിനാധാരമായ സംഭവം നടക്കുന്നത്. മനുഷ്യ വിസർജ്യം നിറഞ്ഞ അഴുക്കുചാൽ വൃത്തിയാക്കാൻ കൗൺസിലറായ വിശ്വനാഥൻ ശുചീകരണ തൊഴിലാളിയെ നിർബന്ധിച്ചതായും അലർജി മൂലം തൊഴിലാളി മരിച്ചതായും എസ്.ജി സൂര്യ ട്വിറ്ററിൽ ആരോപിച്ചിരുന്നു. സംഭവത്തിൽ മധുര എം.പി വെങ്കടേശ്വൻ മൗനം പാലിക്കുകയാണെന്നും സൂര്യ കുറ്റപ്പെടുത്തി. ഇതിന് പിന്നാലെ സി.പി.എം സൈബർ പോലിസിന് പരാതി നൽകുകയായിരുന്നു.

ഗൂഡല്ലൂരിൽ നടന്ന സംഭവത്തെ മധുരയിൽ നടന്നതായി തെറ്റിധരിപ്പിക്കുന്ന പരാമർശം നടത്തിയെന്നായിരുന്നു സി.പി.എം പരാതി. സി.പി.എം നേതാവിനെതിരായ അധിക്ഷേപകരമായ പരാമർശങ്ങൾ നടത്തിയെന്നും സി.പി.എം പരാതിപ്പെട്ടിരുന്നു. ഈ കേസിലാണ് എസ്.ജി സൂര്യയെ വെള്ളിയാഴ്ച രാത്രി അറസ്റ്റ് ചെയ്തത്. വെള്ളിയാഴ്ച രാത്രി 11.15ഓടെയാണ് സൂര്യയെ ചെന്നൈയിലെ വസതിയിൽ നിന്ന് കസ്റ്റഡിയിലെടുത്തത്. പോലിസ് നടപടിയിൽ രാഷ്ട്രീയ ഗൂഡാലോചന ആരോപിച്ച് ബി.ജെ.പി പ്രവർത്തകർ സംസ്ഥാനത്ത് പ്രതിഷേധം സംഘടിപ്പിച്ചിട്ടുണ്ട്. അറസ്റ്റിനെ അപലപിക്കുന്നുവെന്നും കമ്മ്യൂണിസ്റ്റുകാരുടെ ഇരട്ടത്താപ്പ് തുറന്ന് കാട്ടുകയാണ് എസ്.ജി സൂര്യ ചെയ്തതെന്നും തമിഴ്നാട് ബി.ജെ.പി പ്രസിഡന്റ് കെ. അണ്ണാമലൈ ആരോപിച്ചു.

# മദ്യപിച്ച് വീട്ടിൽ അതിക്രമിച്ച് കയറിയ പോലിസുകാരനെ മർദിച്ചു

## തിരുവനന്തപുരത്ത് മൂന്ന് പേർ അറസ്റ്റിൽ

തിരുവനന്തപുരം: നഗരത്തിൽ പോലിസുദ്യോഗസ്ഥനെ മർദിച്ച സംഭവത്തിൽ മൂന്ന് പേർ അറസ്റ്റിൽ. സി.പി.എം ബ്രാഞ്ച് സെക്രട്ടറി സെൽവരാജ്, സെൽവരാജിന്റെ സഹോദരൻ സുന്ദരൻ, അഖിൽ എന്നിവരാണ് അറസ്റ്റിലായത്. ടെലി കമ്മ്യൂണിക്കേഷൻ സി.പി.ഒ ആർ. ബിജുവിനാണ് മർദനമേറ്റത്. ബേക്കറി ജംഗ്ഷനിൽ ഇന്ന് രാവിലെ ഒമ്പത് മണിയോടെയാണ് സംഭവം നടന്നത്.

ജോലിക്ക് ഹാജരാകാതിരുന്നതിന് വകുപ്പുതല അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥനാണ് ബിജു. ഇന്ന് രാവിലെ മദ്യപിച്ച് ബിജു സെൽവരാജിന്റെ വീട്ടിൽ അതിക്രമിച്ച് കയറുകയായിരുന്നു. പിന്നാലെയാണ് സെൽവരാജും സുന്ദരനും അഖിലും ചേർന്ന് ബിജുവിനെ മർദിച്ചത്. മർദിച്ചതിന് മൂന്ന് പേർക്കെതിരേയും പോലിസ് കേസെടുത്തു. വീടിനുള്ളിൽ അതിക്രമിച്ച് കടന്നതിന് ബിജുവിനെതിരേയും കേസെടുത്തിട്ടുണ്ട്.



തിരുവനന്തപുരത്ത് പോലിസുദ്യോഗസ്ഥനെ മൂന്നംഗ സംഘം മർദിക്കുന്നതിന്റെ ദൃശ്യങ്ങൾ

## പോക്സോ കേസ്; മോൻസൺ മാവുങ്കലിന് ജീവപര്യന്തം തടവും പിഴയും

കൊച്ചി: പോക്സോ കേസിൽ മോൻസൺ മാവുങ്കലിന് ജീവപര്യന്തം തടവും പിഴയും ശിക്ഷ. എറണാകുളം ജില്ലാ പോക്സോ കോടതിയുടേതാണ് വിധി. 2019ൽ ജീവനക്കാരിയുടെ മകളെ പലതവണ ലൈംഗികമായി പീഡിപ്പിച്ചെന്ന പരാതിയിലാണ് വിധി. മോൻസണെതിരെ രജിസ്റ്റർ ചെയ്ത കേസുകളിലെ ആദ്യ ശിക്ഷാവിധിയാണിത്. പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ വിവാഹ വാഗ്ദാനം നൽകിയും തുടർവി



ദ്യാഭ്യാസത്തിന് സാമ്പത്തിക സഹായം നൽകാമെന്നും പറഞ്ഞ് പീഡിപ്പിച്ചെന്നാണ് കേസ്. 2022 മാർച്ചിലാണ് വിചാരണ തുടങ്ങിയത്. പുരാവസ്തുകേസിൽ മോൻസൺ അറസ്റ്റിലായതിന് പിന്നാലെയാണ് ജീവനക്കാരി പരാതി നൽകിയത്. കേസിൽ ചൊവ്വാഴ്ച അന്തിമ വാദം പൂർത്തിയായിരുന്നു. അതേസമയം, സാമ്പത്തിക തട്ടിപ്പ് കേസിൽ കെ.പി.സി.സി പ്രസിഡന്റ് കെ. സുധാകരന് പങ്കില്ലെന്ന് മോൻസൺ മാവുങ്കൽ ആവർത്തിച്ചു. പോക്സോ കേസിൽ കോടതിയിൽ ഹാജരാക്കുന്നതിന് മുമ്പായിരുന്നു മോൻസൺ മാവുങ്കലിന്റെ പ്രതികരണം.

## ഭക്ഷണം കൊടുക്കുന്നതിനിടെ തെരുവ് നായ മാന്തി; പേവിഷ ബാധയേറ്റ് യുവതി മരിച്ചു

തിരുവനന്തപുരം: തെരുവ് നായകൾക്ക് ഭക്ഷണം നൽകുന്നതിനിടെ മുറിവേറ്റ യുവതി മരിച്ചു. തിരുവനന്തപുരം അഞ്ചുതെങ്ങ് സ്വദേശി സ്റ്റെഫിന വി. പെരേര(49)യാണ് മരിച്ചത്. തെരുവ് നായയ്ക്ക് ഭക്ഷണം കൊടുക്കുന്നതിനിടെ ഇവർക്ക് നായയുടെ നഖം കൊണ്ട് മുറിവേറ്റിരുന്നു. ഞായറാഴ്ച വൈകീട്ടാണ് യുവതി മരിച്ചത്. ഞായറാഴ്ച വൈകിട്ട് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മരിച്ച യുവതിയുടെ മരണകാരണം ഇന്നലെ രാത്രിയാണ് വ്യക്തമായത്. സഹോദരനൊപ്പം കൂട്ടിരിപ്പുകാരിയായി ഏഴാം തീയതി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എത്തിയ യുവതി ഒമ്പതാം തീയതി യോടെ പേവിഷബാധയുടെ ലക്ഷണങ്ങൾ കാണിച്ചു. ഇതോടെ ഡോക്ടർമാർ ചികിത്സയിൽ



സ്റ്റെഫിന വി. പെരേര

പ്രവേശിപ്പിക്കുകയായിരുന്നു. തുടർന്ന് നടത്തിയ അന്വേഷണത്തിലാണ് തെരുവ് നായ്ക്കൾക്ക് ഭക്ഷണം കൊടുക്കുന്നതിനിടെ നായ ശരീരത്തിൽ മാന്തിയ വിവരം സ്റ്റെഫിന ഡോക്ടർമാരോട് പറയുന്നത്. ഉടൻ ചികിത്സ നൽകിയെങ്കിലും ജീവൻ രക്ഷിക്കാൻ സാധിച്ചില്ല.പൂച്ചയുടെ കടിയിൽ നിന്ന് പേവിഷബാധയേറ്റുള്ള മരണവും ഇന്നലെ സ്ഥിരീകരിച്ചിരുന്നു. കൊല്ലം നിലമേൽ സ്വദേശിയായ 48കാരനാണ് മരിച്ചത്. കഴിഞ്ഞ മാസം 22നാണ് ഇദ്ദേഹത്തിന് മുഖത്ത് കടിയേറ്റത്. തുടർന്ന് പേവിഷ പ്രതിരോധ വാക്സീൻ എടുത്തിരുന്നു. എന്നാൽ പേവിഷ ലക്ഷണങ്ങളോടെ ഈ മാസം 12ന് പാരിപ്പള്ളി മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ച ഇദ്ദേഹത്തെ പിന്നീട് തിരുവനനന്തപുരം മെഡിക്കൽ കോളേജിലേക്ക് മാറ്റിയെങ്കിലും ജീവൻ രക്ഷിക്കാനായില്ല. ഈ മാസം 14നാണ് മരണം സംഭവിച്ചത്. തുടർന്ന് ഇദ്ദേഹത്തിന്റെ രക്ത -സ്രവ പരിശോധന പാലോട് എസ്.ഐ.എഡിയിൽ നടത്തിയപ്പോഴാണ് പേവിഷ ബാധ സ്ഥിരീകരിച്ചത്. തിരുവനന്തപുരം മെഡി. കോളേജിൽ നിന്നാണ് സാമ്പിൾ പരിശോധക്ക് അയച്ചത്.

## സെന്തിൽ ബാലാജി ഇനി വകുപ്പില്ലാ മന്ത്രി; ഉത്തരവിറക്കി തമിഴ്നാട് സർക്കാർ

ചെന്നൈ: കള്ളപ്പണക്കേസിൽ അറസ്റ്റിലായ തമിഴ്നാട് മന്ത്രി സെന്തിൽ ബാലാജി വകുപ്പില്ലാ മന്ത്രിയായി തുടരും. തമിഴ്നാട് സർക്കാർ ഇതുസംബന്ധിച്ച് ഉത്തരവിറക്കി. ചികിത്സയിലാണെങ്കിലും മന്ത്രിയായി തുടരാമെന്ന് ഉത്തരവിൽ പറയുന്നു. വകുപ്പില്ലാമന്ത്രിയായി തുടരാൻ സെന്തിൽ ബാലാജിയെ അനുവദിക്കണമെന്ന സർക്കാരിന്റെ ശുപാർശ ഗവർണർ നിരാകരിച്ചിരുന്നു. വകുപ്പില്ലാത്ത മന്ത്രിയായി സെന്തിലിന് തുടരാനാകില്ലെന്ന് ഗവർണർ വാർത്താക്കുറിപ്പിൽ വ്യക്തമാക്കി. ഗവർണറുടെ ഈ നിലപാടിനെ തള്ളിയാണ് സർക്കാർ ഉത്തരവ്. സെന്തിൽ ബാലാജി കൈകാര്യം ചെയ്തിരുന്ന വകുപ്പുകൾ മറ്റ് മന്ത്രിമാർക്ക് കൈമാറുന്നതിനെ ഗവർണർ ആർ.എൻ രവി അംഗീകാരം നൽകിയിരുന്നു. നിലവിൽ സെന്തിൽ ക്രിമിനൽ നടപടികൾ നേരിടുകയാണ്. കൂടാതെ കേസിൽ അറസ്റ്റിലായ സെന്തിൽ ജുഡീഷ്യൽ കസ്റ്റ



ഡിയിൽ കഴിയുന്നതായും ചൂണ്ടിക്കാണിച്ചാണ് ഗവർണർ നിലപാട് വ്യക്തമാക്കിയത്. സെന്തിൽ കൈകാര്യം ചെയ്തിരുന്ന വൈദ്യുതി വകുപ്പ് തങ്കം തെന്നരശനും എക്സൈസ് വകുപ്പ് മുത്തുസ്വാമിക്കുമാണ് കൈമാറിയത്. അതിനിടെ സെന്തിൽ ബാലാജിയുടെ സഹോദരനും സമൻസ് അയച്ചു. ആദായനികുതി വകുപ്പാണ് അശോക് കുമാറിനോട് ഹാജരാകാൻ ആവശ്യപ്പെട്ടത്. ചൊവ്വാഴ്ച ചെന്നൈയിലെ ഐ.ടി ഓഫിസിൽ ഹാജരാകാനാണ് നിർദേശം. ഇഡി റെയ്ഡിന് മുൻപ് സെന്തിൽ ബാലാജിയുടെ വീട്ടിലും ബന്ധുക്കളുടെ വീട്ടിലും സഹോദരന്റെ വീട്ടിലും ആദായനികുതി വകുപ്പ് പരിശോധന നടത്തിയിരുന്നു. പരിശോധനയിൽ നിർണായക രേഖകൾ കണ്ടെത്തിയതായാണ് ആദായനികുതി വകുപ്പ് വ്യക്തമാക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിലാണ് ചോദ്യം ചെയ്യലിന് ഹാജരാകാൻ അശോക് കുമാറിനോട് ആദായനികുതി വകുപ്പ് ആവശ്യപ്പെട്ടത്.

## ലണ്ടനിൽ മലയാളി യുവാവ് കുത്തേറ്റു മരിച്ചു; മറ്റൊരു മലയാളി യുവാവ് അറസ്റ്റിൽ

ലണ്ടൻ: സൗത്ത് ഈസ്റ്റ് ലണ്ടനിലെ പെക്കാമിൽ മലയാളി യുവാവ് കുത്തേറ്റു മരിച്ചു. കൊച്ചി പനമ്പള്ളി നഗർ സ്വദേശിയായ അരവിന്ദ് ശശികുമാറാണ് (37) മരിച്ചത്. കൂടെ താമസിക്കുന്ന മലയാള സുഹൃത്തിന്റെ കുത്തേറ്റാണ് മരണം. ഇവർ തമ്മിലുണ്ടായ വാക്കുതർക്കം കത്തിക്കുത്തിൽ കലാശിക്കുകയായിരുന്നു എന്നാണ് വിവരം. വ്യാഴാഴ്ച രാത്രി ഏകദേശം ഒരുമണിയോടെയാണ് സംഭവമുണ്ടായത്. പെക്കാമിലെ കോൾമാൻ വേ ജംഗ്ഷനു സമീപമുള്ള സൗതാംപ്റ്റൻ വേയിൽ ഒരു കടമുറിയുടെ മുകളിലുള്ള ചെറിയ ഫ്ളാറ്റിലായിരുന്നു



അരവിന്ദ് ശശികുമാർ

അരവിന്ദും അക്രമിയും മറ്റു രണ്ട് സുഹൃത്തുക്കൾക്കൊപ്പം താമസിച്ചിരുന്നത്. പുലർച്ചെ 1.36നാണ് സംഭവം പോലിസ് അറിഞ്ഞത്. സാക്ഷികളായ സുഹൃത്തുക്കളാണ് പോലിസിനെ വിവരം അറിയിച്ചത്. കുത്തേറ്റ് ഗുരുതരമായി പരുക്കേറ്റ അരവിന്ദിന് പോലിസിനൊപ്പമെത്തിയ പാരാമെഡിക്കൽ സംഘം അടിയന്തര മെഡിക്കൽ സഹായം നൽകിയെങ്കിലും സംഭവസ്ഥലത്തുവച്ചു തന്നെ ഇയാൾ മരിച്ചു. സംഭവത്തിൽ 20 വയസ് പ്രായമുള്ള മലയാളി യുവാവിനെ പോലിസ് കസ്റ്റഡിയിൽ എടുത്തു. മറ്റു യുവാക്കളെ ചോദ്യം ചെയ്യാൻ കൊണ്ടുപോയി. വിദ്യാർഥി വിസയിലെത്തിയ അരവിന്ദ് പത്തുവർഷമായി ബ്രിട്ടനിൽ താമസിക്കുകയാണ്.

## ആന്ധ്രാപ്രദേശിൽ പത്താം ക്ലാസ് വിദ്യാർഥിയെ പെട്രോളൊഴിച്ച് തീക്കൊളുത്തികൊന്നു; പ്രതികൾ പിടിയിൽ

വിശാഖപട്ടണം: പത്താംക്ലാസ് വിദ്യാർഥിയെ യുവാവും സുഹൃത്തുക്കളും പെട്രോളിഴിച്ച് തീ കൊളുത്തി കൊലപ്പെടുത്തി. ആന്ധ്രാ പ്രദേശിലെ ബപാട്‌ലയിൽ വെള്ളിയാഴ്ചയാണ് സംഭവം. അമർനാഥ് എന്ന പതിനഞ്ചു വയസ്സുകാരന്റെ ദേഹത്ത് പെട്രോളൊഴിച്ച് അക്രമികൾ തീകൊളുത്തുകയായിരുന്നു. പരിക്കേറ്റ വിദ്യാർഥിയെ പ്രദേശ വാസികൾ ആശുപത്രിയെത്തിച്ചെങ്കിലും രക്ഷിക്കാനായില്ല. തന്നെ ആക്രമിച്ചവരിൽ മൂന്ന് പേരുടെ പേരുകൾ വിദ്യാർഥി വെളിപ്പെടുത്തി. വെങ്കിടേശ്വര റെഡ്ഢി എന്നയാൾ സുഹൃത്തുക്കളെയും കൂട്ടിവന്ന് ആക്രമിക്കുകയായിരുന്നുവെന്നാണ് മൊഴി. ആക്രമികൾ പോലീസ് പിടിയിലായിട്ടുണ്ട്. ഇവരെ ചോദ്യം ചെയ്തുവരികയാണെന്ന് പോലീസ് പറഞ്ഞു. അമർനാഥിന്റെ മൂത്ത സഹോദരിയെ അക്രമികളിലൊരാളായ വെങ്കിടേശ്വര റെഡ്ഢി എന്ന ഇരുപത്തൊന്നുകാരൻ ലൈംഗികമായി ഉപദ്രവിച്ചിരുന്നുവെന്ന് കുടുംബം ആരോപിക്കുന്നു. സ്കൂളിൽ പോയ് വരുമ്പോൾ സ്ഥിരം ശല്യം ചെയ്യുമായിരുന്നു. ഇത് അമർനാഥും കുടുംബവും ചോദ്യം ചെയ്തിരുന്നു. വെങ്കിടേശ്വരയുടെ രക്ഷിതാക്കളെ വിളിച്ചു കൂട്ടിയും ഇതുസംബന്ധിച്ച് താക്കീതു നൽകി. ഇതിന്റെ പകപോക്കുന്നതിനായാണ് അമർനാഥിനെ വെങ്കിടേശ്വര റെഡ്ഢിയും സംഘവും ആക്രമിച്ചത്. നിലവിളി കേട്ടെത്തിയ പ്രദേശ വാസികൾ അമർനാഥിനെ ആശുപത്രിയെലെത്തിക്കുകയായിരുന്നു. സംഭവത്തിൽ കൊലപാതകം, പോക്സോ കുറ്റങ്ങൾ ചുമത്തി പ്രതികൾക്കെതിരേ പോലീസ് കേസെടുത്തു. അമർനാഥിന്റെ സഹോദരിക്ക് തിരെയുള്ള ആക്രമണത്തിലാണ് പോക്സോ കേസ്. കേസിലെ മറ്റു പ്രതികളുടെ പേരുകൾ പോലിസ് പുറത്തുവിട്ടിട്ടില്ല.

## രാജസേനൻ ബി.ജെ.പി വിട്ടത് സിനിമ കിട്ടുന്നില്ലായെന്ന കാരണം പറഞ്ഞ്: കെ. സുരേന്ദ്രൻ

തിരുവനന്തപുരം: മലയാള സിനിമ സംവിധായകനായ രാജസേനൻ കഴിഞ്ഞ ദിവസം ബി.ജെ.പിയിൽ നിന്ന് സി.പി.ഐ.എമ്മിലേക്ക് ചേക്കേറിയിരുന്നു. എന്നാൽ, അദ്ദേഹം തിരിച്ച് ബി.ജെ.പിയിലേക്ക് വരുമെന്ന പ്രതീക്ഷ പ്രകടിപ്പിച്ച് ബി.ജെ.പി സംസ്ഥാന അധ്യക്ഷൻ കെ.സുരേന്ദ്രൻ. സിനിമ കിട്ടുന്നില്ല എന്നതാണ് അദ്ദേഹം പാർട്ടിയിൽ നിന്ന് വിട്ടുപോയതെന്നും സുരേന്ദ്രൻ പറഞ്ഞു. രാജസേനൻ മികച്ച കലാകാരനാണ്, അദ്ദേഹം പാർട്ടിക്കൊപ്പം ഉണ്ടായിരുന്ന കാലത്തെ സേവനങ്ങളെ വിലമതിക്കുന്നു



ണ്ടെന്നും സുരേന്ദ്രൻ കോട്ടയത്ത് മാധ്യമങ്ങളോട് പറഞ്ഞു.അദ്ദേഹം തിരികെ ബി.ജെ.പിയിൽ വരുമെന്നാണ് പ്രതീക്ഷയെന്നും, സിനിമ കിട്ടുന്നില്ല എന്ന കാരണം പറഞ്ഞാണ് അദ്ദേഹം ബി.ജെ.പയിൽ നിന്നു പോയതെന്നും സുരേന്ദ്രൻ പറഞ്ഞു. തിരുവനന്തപുരത്തെ എ.കെ.ജി സെന്ററിൽ സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദനുമായി ചർച്ച നടത്തിയ ശേഷമാണ് രാജസേനൻ സി.പി.ഐ.എമ്മിൽ ചേരുമെന്ന് അറിയിച്ചത്. ഉടൻ തന്നെ സി.പി.ഐ.എം പ്രവേശനമുണ്ടാകും. ബി.ജെ.പി സംസ്ഥാന നേതൃത്വം അവഗണിച്ചെന്നാരോപിച്ചാണ് പാർട്ടി വിടുന്നത്. കൂടെയുണ്ടായിരുന്ന പലർക്കും സ്ഥാനമാനങ്ങൾ കിട്ടിയപ്പോഴും അവഗണിക്കപ്പെട്ടെന്നാണ് രാജസേനന്റെ ആരോപണം. സുരേഷ് ഗോപിക്കും കൃഷ്ണകുമാറിനുമൊപ്പം സിനിമാരംഗത്ത് നിന്നുള്ള ബി.ജെ.പയുടെ സജീവമുഖമായിരുന്നു രാജസേനൻ. ബി.ജെ.പക്ക് വേണ്ടി തെരഞ്ഞെടുപ്പിൽ മത്സരിച്ചു. എന്നാൽ ഇപ്പോൾ രാജസേനന് മനംമാറ്റമുണ്ടായിരിക്കുകയാണ്. കേരളത്തിലെ ബി.ജെ.പി അത്ര പോരെന്ന് അഭിപ്രായപ്പെട്ട് രാജസേനൻ സി.പി.എമ്മിലെത്തിയത്. പല വിവാദ വിഷയങ്ങളിലും ബി.ജെ.പിക്കും കേന്ദ്ര സർക്കാരിനും അനുകൂലമായി നിലപാട് സ്വീകരിച്ച് പരസ്യമായി രംഗത്തെത്തിയിരുന്നു. അങ്ങനെ ബി.ജെ.പി സംസ്ഥാന കമ്മിറ്റി അംഗം വരെയായി രാജസേനൻ.



### അരിക്കൊമ്പനെ കേരളത്തിലേക്ക് തിരികെ എത്തിക്കണമെന്ന ഹർജി മദ്രാസ് ഹൈക്കോടതി തള്ളി

ചെന്നൈ: അരിക്കൊമ്പനെ കേരളത്തിലേക്ക് തിരികെ എത്തിക്കണമെന്ന ഹർജി മദ്രാസ് ഹൈക്കോടതി തള്ളി. എറണാകുളം സ്വദേശി റബേക്ക ജോസഫിന്റെ ഹർജിയാണ് മദ്രാസ് ഹൈക്കോടതി തള്ളിയത്.

ആനയെ എവിടെ വിടണമെന്ന് തീരുമാനിക്കുന്നത് വനംവകുപ്പാണെന്നും കോടതി പറഞ്ഞു. കളക്കാട് മുണ്ടൻതുറൈ കടുവാ സങ്കേതത്തിൽ തുറന്നുവിട്ട അരിക്കൊമ്പൻ ആരോഗ്യവാനാണെന്ന് വനം വകുപ്പ് അറിയിച്ചു. ആവശ്യത്തിന് വെള്ളവും ഭക്ഷണവും ലഭിക്കുന്ന പ്രദേശത്താണ് ആന ഇപ്പോഴുള്ളതെന്നും ഉദ്യോഗസ്ഥർ വ്യക്തമാക്കി. വനംവകുപ്പ് ജീവനക്കാരും വെറ്ററിനറി ഡോക്ടർമാരും അടങ്ങുന്ന സംഘം ആനയെ നിരീക്ഷിക്കുന്നുണ്ട്.

### '2024ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ 20 സീറ്റും യു.ഡി.എഫ് നേടും'

തിരുവനന്തപുരം: 2024ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ 20 സീറ്റും യു.ഡി.എഫ് നേടുമെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ. തോറ്റാൽ മുഴുവൻ ഉത്തരവാദിത്വവും താനേറ്റെടുക്കുമെന്നും അദ്ദേഹം പറഞ്ഞു. കോൺഗ്രസിന് ഇപ്പോൾ ഒരുപാട് മാറ്റമുണ്ടായെന്നും നേതൃത്വത്തിനെതിരേ മറ്റുള്ള നേതാക്കളിൽ നിന്നും പരാതി ഉണ്ടാകുന്നത് സ്വാഭാവികമാണെന്നും സതീശൻ തിരുവനന്തപുരത്ത് മീറ്റ് ദി പ്രസിൽ പറഞ്ഞു. മുഖ്യമന്ത്രിയുടെ ഓഫീസിനെ ഒരു സംഘം ഹൈജാക് ചെയ്തിരിക്കുകയാണെന്നും സി.പി.എമ്മിന്റെ അഴിമതി പണം പാർക്ക് ചെയ്യുന്ന സ്ഥലമായി ഊരാളുങ്കൽ സൊസൈറ്റി മാറിയെന്നും സതീശൻ കുറ്റപ്പെടുത്തി. ഡി.വൈ.എഫ്.ഐയും എസ്.എഫ്.ഐയും മാഫിയ സംഘമായി മാറിയിരിക്കുകയാണെന്നും സതീശൻ വിമർശിച്ചു.

## കാശ് വാങ്ങി വോട്ട് ചെയ്യുന്നത് നിർത്താൻ രക്ഷിതാക്കളോട് പറയൂ; വിദ്യാർഥികളോട് ആവശ്യപ്പെട്ട് വിജയ്

ചെന്നൈ: കാശ് വാങ്ങി വോട്ട് ചെയ്യുന്നത് രക്ഷിതാക്കളോട് നിർത്താൻ പറയണമെന്ന് ആവശ്യപ്പെട്ട് തമിഴ് നടൻ വിജയ്. പത്ത്, പ്ലസ്ടു ക്ലാസുകളിൽ ഉന്നത വിജയം നേടിയ വിദ്യാർഥികളെ ആദരിക്കാനായി വിജയ് ആരാധക സംഘടനയായ വിജയ് മക്കൾ ഇയക്കം സംഘടിപ്പിച്ച പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. നാളത്തെ വോട്ടർമാരാണ് നിങ്ങൾ എന്നു പറഞ്ഞുകൊണ്ടാണ് തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിലെ മോശം പ്രവണതകൾ വിജയ് ചൂണ്ടിക്കാട്ടിയത്. 234 നിയോജക മണ്ഡലങ്ങളിലെയും വിദ്യാർഥികൾ സമ്മേളനത്തിന് എത്തിയിട്ടുണ്ട്.പണം വാങ്ങി വോട്ട് നൽകുന്നവർ സ്വന്തം വിരൽ കൊണ്ട് സ്വന്തം കണ്ണിൽ കുത്തുകയാണ് ചെയ്യുന്നത്.

ഒരു വോട്ടിന് 1000 രൂപ വച്ച് കൊടുക്കുന്നവർ ഒന്നര ലക്ഷം പേർക്ക് അത് കൊടുക്കുന്നുണ്ടെങ്കിൽ അത് 15 കോടി രൂപയാണ്. അപ്പോൾ അയാൾ അതിന് മുൻപ് എത്ര രൂപ സമ്പാദിച്ചിട്ടുണ്ടാകുമെന്ന് ആലോചിക്കൂ. നിങ്ങൾ വീട്ടിൽ ചെന്ന് മാതാപിതാക്കളോട് പറയൂ, ഈ കാശ് വാങ്ങി വോട്ട് കൊടുക്കുന്നത് അവസാനിപ്പിക്കൂവെന്ന്. നിങ്ങൾ പറഞ്ഞാൽ അത് നടക്കും. നിങ്ങളെ പിന്തിരിപ്പിക്കാൻ പലരും ഉണ്ടാകും. നിങ്ങളുടെ മനസ്സ് പറയുന്നത് പോലെ പ്രവർത്തിക്കണം, വിജയ് പറഞ്ഞു. സോഷ്യൽ മീഡിയയിൽ വരുന്ന വ്യാജ വാർത്തകൾക്കു പിന്നിൽ ഒളിപ്പിച്ച ലക്ഷ്യങ്ങളുണ്ട്. അത് തിരിച്ചറിയണമെങ്കിൽ പാഠപുസ്തകങ്ങൾക്ക്



പത്ത്, പ്ലസ്ടു ക്ലാസുകളിൽ ഉന്നത വിജയം നേടിയ വിദ്യാർഥികളെ ആദരിക്കാനായി വിജയ് ആരാധക സംഘടനയായ വിജയ് മക്കൾ ഇയക്കം സംഘടിപ്പിച്ച പരിപാടിയിൽ വച്ച് നടന് സ്നേഹ ചുംബനം നൽകുന്ന കുട്ടി

അപ്പുറത്തേക്ക് പഠിക്കണം. എന്ത് വിശ്വസിക്കണമെന്ന് തീരുമാനിക്കേണ്ടത് നിങ്ങളാണ്. നമ്മുടെ നേതാക്കളെക്കുറിച്ച്, അംബേദ്കർ, പെരിയാർ, കാമരാജ് ഇവരെക്കുറിച്ചൊക്കെ പഠിക്കണം. എന്ത് വിശ്വസിക്കണമെന്ന് തീരുമാനിക്കേണ്ടത് നിങ്ങളാണ്, വിജയ് പറഞ്ഞു. വിജയ്‌യുടെ രാഷ്ട്രീയ പ്രവേശന അഭ്യൂഹങ്ങൾക്കിടെ നടന്ന പരിപാടി വാർത്താപ്രാധാന്യം നേടിയിട്ടുണ്ട്.

### കേരളത്തിൽ നടക്കുന്നത് മാധ്യമവേട്ട: ചെന്നിത്തല

തിരുവനന്തപുരം: പി.എം ആർഷോയുടെ പരാതിയിൽ മാധ്യമപ്രവർത്തക അഖില നന്ദകുമാറിനെതിരേ കേസെടുത്തതിൽ വിമർശിച്ച് മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല. കേരളത്തിൽ ഇതുവരെ കണ്ടിട്ടില്ലാത്ത മാധ്യമവേട്ടയാണ് നടക്കുന്നതെന്ന് ചെന്നിത്തല കുറ്റപ്പെടുത്തി. വാർത്ത റിപ്പോർട്ട് ചെയ്തതിന്റെ പേരിൽ കേസെടുക്കുന്നത് കേട്ടുകേൾവി ഇല്ലാത്ത സംഭവമാണ്. മാധ്യമവേട്ടയ്ക്ക് പിന്നിൽ മുഖ്യമന്ത്രിയും സർക്കാരുമാണെന്ന് രമേശ് ചെന്നിത്തല കുറ്റപ്പെടുത്തി. സർക്കാരിന്റെ കൊള്ളരുതായ്മകളും അഴിമതികളും പുറത്തുകൊണ്ടുവരുന്ന മാധ്യമങ്ങളുടെ വായ്മൂടിക്കെട്ടാനുള്ള ശ്രമമാണ് നടക്കുന്നത്. മാധ്യമങ്ങൾക്കെതിരേ കേസെടുക്കുന്ന നടപടികൾ സ്വീകരിച്ചാൽ അവരെങ്ങനെ ജോലി ചെയ്യും? വാർത്തകൾ റിപ്പോർട്ട് ചെയ്യൽ അവരുടെ ഉത്തരവാദിത്വമാണ്. ആ ഉത്തരവാദിത്വം നിറവേറ്റുമ്പോൾ കേസെടുക്കുന്നത് തെറ്റായ സമീപനമാണെന്നും രമേശ് ചെന്നിത്തല പറഞ്ഞു.

### അപേക്ഷകൾ ക്ഷണിച്ചു

മാഹി: ഈസ്റ്റ് പള്ളൂരിലെ രാജീവ്ഗാന്ധി ഗവ.ഐ.ടി.ഐയിൽ പുതിയ അദ്ധ്യയന വർഷത്തേക്ക് ദ്വിവത്സര ഐ.ടി.ഐ. കോഴ്സുകളിലേക്കുള്ള അപേക്ഷകൾ ക്ഷണിച്ചു. ഇലക്ട്രീഷ്യൻ, ഡ്രാഫ്റ്റ്മാൻ (സിവിൽ) കോഴ്സുകളിലേക്കാണ് പ്രവേശനം. അപേക്ഷകൾ ഓൺലൈനായി ജൂൺ 30 വരെ http://www.centacpuducherry.in or https://labour.py.gov.in എന്ന വെബ് സൈറ്റിൽ സമർപ്പിക്കേണ്ടതാണ്. എസ്.എസ്.എൽ.സി പാസ്സായവരും 14 വയസ്സ് പൂർത്തിയായവരുമായിരിക്കണം അപേക്ഷകർ. വിശദ വിവരങ്ങൾക്ക് 9495744339 നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.



ഗവ. മോഡൽ എച്ച്.എസ്.എസിൽ നടന്ന 'മൺസൂണും കുട്ട്യോളും' ജില്ലാതല ഏകദിന ശിൽപശാല മേയർ ഡോ.ബീന ഫിലിപ്പ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു

# സെൽഫിയെടുത്ത് ഡ്രഗ്സിനോട് നോ പറയാം; ബീച്ചിൽ സെൽഫി പോയിന്റ് ഒരുങ്ങി

കോഴിക്കോട്: സിറ്റി പോലിസും റോട്ടറി ക്ലബ് ഈസ്റ്റും സംയുക്തമായി ബീച്ച് ഫ്രീഡം സ്ക്വയർ കൾച്ചറൽ സ്റ്റേജിന് പറകിൽ സെൽഫി പോയിന്റ് ഒരുക്കി. സിറ്റി പോലിസിന്റെ ലഹരി വിരുദ്ധ പദ്ധതിയായ സോഷ്യൽ അവയർനെസ് ടു യൂത്തി( SAY )ന്റെ ഭാഗമായി തയാറാക്കിയ സേ നോ ടു ഡ്രഗ്സ് സെൽഫി പോയിന്റ് ഉത്തര മേഖല ഐജി നീരജ്കുമാർ ഗുപ്ത കുട്ടികൾക്കൊപ്പം സെൽഫിയെടുത്ത് ഉദ്ഘാടനം ചെയ്തു. എടുത്ത ഫോട്ടോ എല്ലാവരും സോഷ്യൽ മീഡിയയിൽ പോസ്റ്റ് ചെയ്യണമെന്ന് കുട്ടികളോട് ഐ.ജി ആഹ്വാനം ചെയ്തു.സിറ്റി പോലിസ് കമ്മീഷണർ രാജ്പാൽ മീണ മുഖ്യാതിഥിയായി. റോട്ടറി ഈസ്റ്റ് പ്രസിഡന്റ് എം.ശ്രീകുമാർ അധ്യക്ഷത




'സേ നോ ടു ഡ്രഗ്സ്' സെൽഫി പോയിന്റ് ഉത്തര മേഖല ഐജി നീരജ്കുമാർ ഗുപ്ത കുട്ടികൾക്കൊപ്പം സെൽഫിയെടുത്ത് ഉദ്ഘാടനം ചെയ്തപ്പോൾ

വഹിച്ചു. ഡിസ്ട്രിക്ട് ഗവർണർ ഇലക്ട് ഡോ.ആർ സേതു ശിവശങ്കർ , സെക്രട്ടറി സുന്ദർരാജ്ലു, ഡി.ടി.പി.സി സെക്രട്ടറി ടി.നിഖിൽ ദാസ്, ടൗൺ അസി. കമ്മീഷണർ പി.ബിജുരാജ്, സ്പെഷ്യൽ ബ്രാഞ്ച് അസി. കമ്മീഷണർ എ.ഉമേഷ്, കൺട്രോൾ റൂം അസി. കമ്മീഷണർ പ്രദീപൻ കണ്ണിപൊയിൽ എന്നിവർ സംസാരിച്ചു.

ഡെപ്യൂട്ടി കമ്മീഷണർ കെ.ഇ ബൈജു സ്വാഗതവും നർക്കോട്ടിക്ക് സെൽ എ.സി. പി പ്രകാശൻ പടന്നയിൽ നന്ദിയും പറഞ്ഞു. മെഡിക്കൽ കോളജ് ക്യാമ്പസ് വിദ്യാർത്ഥിനികളുടെ സുമ്പാ ഡാൻസും പ്രൊവിഡൻസ് സ്കൂളിലെ എസ്.പി.സി കാഡറ്റുകളുടെ ബോധവൽക്കരണ പരിപാടികളും അരങ്ങേറി.

# ഹർഷിനക്ക് നീതി ലഭ്യമാക്കണം: സംസ്കാര സാഹിതി

കോഴിക്കോട്: ഡോക്ടർമാരുടെ അശ്രദ്ധ മൂലം സംഭവിച്ച ഗുരുതര പിഴവ് കാരണം സർജിക്കൽ ഉപകരണവുമായി അഞ്ച് വർഷക്കാലം വേദന അനുഭവിച്ചു ജീവിച്ച ഹർഷിനക്ക് നീതിലഭ്യമാക്കണമെന്ന് സംസ്കാര സാഹിതി ജില്ലാ ചെയർമാൻ നിജേഷ് അരവിന്ദ് ആവശ്യപ്പെട്ടു. ഹർഷിനക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് സംസ്കാര സാഹിതി കോഴിക്കോട് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ സമര പന്തലിൽ എത്തിയതായിരുന്നു അദ്ദേഹം. കുറ്റക്കരെ കണ്ടെത്തി നടപടി എടുക്കാതെ ഹർഷിനക്ക് ആരോഗ്യമന്ത്രി



ഹർഷിനക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് സമരവേദിയിലെത്തി സംസാരിക്കുന്ന സംസ്കാര സാഹിതി ജില്ലാ ചെയർമാൻ നിജേഷ് അരവിന്ദ്

നൽകിയ ഉറപ്പുകളൊന്നും പാലിക്കപ്പെടാത്ത സർക്കാർ ഭാഗത്ത് നിന്നുമുള്ള നിലപാട് മാറ്റം പ്രതിഷേധാർഹമാണെന്നും അദ്ദേഹം കുറ്റപ്പെടുത്തി. സമര സമിതി ചെയർമാൻ ദിനേശ് പെരുമണ്ണ അധ്യക്ഷത വഹിച്ചു. ജില്ലാ ചെയർമാൻ നിജേഷ് അരവിന്ദ്, ജില്ലാ സെക്രട്ടറി ടി.വി മുരളി, നിയോജക മണ്ഡലം ചെയർമാൻമാരായ മോഹനൻ പുതിയോട്ടിൽ, ആർ. പി രവീന്ദ്രൻ, ജിജിത് പൈങ്ങാട്ട്പ്പുറം, ജ്യോതി ഗംഗാധരൻ, സുധാകരൻ പറമ്പാട്ട്,സന്തോഷ് ത്രിവേണി, രാജു പുതുപ്പാടി, രതീഷ് പിലാപറ്റ എന്നിവർ സംസാരിച്ചു.

## ഐ.എം.എച്ച്.സി കെ.എം സീതി സാഹിബ് പ്രവാസി മിത്രം പുരസ്കാരം അബ്ദുള്ളക്കുട്ടി ചേറ്റുവയ്ക്ക്

കോഴിക്കോട്: ഇന്ത്യാ മുസിരിസ് ആന്റ് ഹെറിറ്റേജ് സെന്റർ, ഗൾഫ് ചാപ്റ്റർ മൂന്നാം വാർഷികത്തോടനുബന്ധിച്ച് നവ രചയിതാക്കളെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി നൽകുന്ന കെ.എം സീതി സാഹിബ് പ്രവാസി മിത്രം'കവിതാ പുരസ്കാരം അബ്ദുള്ളക്കുട്ടി ചേറ്റുവയുടെ പ്രഥമ കവിതാസമാഹാരം 'കൈത്തിരിവെട്ടം' കരസ്ഥമാക്കി. മാധ്യമ പ്രവർത്തകനും ജൂറി ചെയർമാനുമായ സി.വി. എം വാണിമേൽ, എഴുത്തുകാരനും ഹൈക്കോടതി അഭിഭാഷകനുമായ ജയ



രാജ് തോമസ്, കേരള മാപ്പിള കലാ അക്കാദമി ചെയർമാൻ ഡോ. ഹുസൈൻ രണ്ടത്താണി, ഷീല പോൾ, കേരള ചാപ്റ്റർ പ്രസിഡന്റ് കെ.ജി ഉണ്ണികൃഷ്ണൻ, അനുഷ എന്നിവരടങ്ങിയ ജൂറിയാണ് പുരസ്ക്കാര ജേതാവിനെ തിരഞ്ഞെടുത്തത്. പൊന്നാടയും കീർത്തി പത്രവും ഫലകവുമടങ്ങുന്നതാണ് പുരസ്കാരമെന്ന് കോ -ഓർഡിനേറ്റർ സി.എ ഹബീബ് അറിയിച്ചു. ഖത്തറിലെ ഇന്റർനാഷണൽ ബ്രിട്ടീഷ് സ്കൂൾ ഡയറക്ടർ ഡോ. ഷാമില അഹമ്മദ് നമ്പൂരി മഠത്തിനായിരുന്നു കഴിഞ്ഞ വർഷത്തെ ഐ.എം.എച്ച്.സി പ്രവാസി മിത്രം മൗലാന അബുൽ കലാം ആസാദ് പുരസ്കാരം.

## മലബാറിലെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ; ഫോർവേഡ് ബ്ലോക്ക് ധർണ നടത്തി

കോഴിക്കോട്: മലബാറിലെ വിദ്യാഭ്യാസ മേഖലയോട് കാണിക്കുന്ന അവഗണനക്കെതിരേ ഓൾ ഇന്ത്യ ഫോർവേഡ് ബ്ലോക്ക്, വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയരക്ടർ ഓഫിസിന് മുമ്പിൽ മാർച്ചും ധർണയും നടത്തി. കേന്ദ്ര കമ്മിറ്റിയംഗം വി.രാജേന്ദ്രൻ ഉദ്ഘാടനം ചെയ്തു. ജില്ലാ സെക്രട്ടറി രാമദാസ് വേങ്ങേരി അധ്യക്ഷത വഹിച്ചു. യു.ഡി.എഫ് ജില്ലാ ചെയർമാൻ എ.ബാലനാരായണൻ മുഖ്യപ്രഭാഷണം നടത്തി. സംസ്ഥാന സെക്രട്ടറിയേറ്റംഗം ബഷീർ പൂവാട്ട്പറമ്പ്, സലീം കോട്ടൂളി, മനോജ് കാരന്തൂർ, ശക്തിധർ പനോളി, പി.പി യാസർ അറഫാത്ത്, മൊയ്തീൻ കുറ്റിക്കാട്ടൂർ, അനസ് അത്തോളി എന്നിവർ സംസാരിച്ചു.



ഓൾ ഇന്ത്യ ഫോർവേഡ് ബ്ലോക്ക്, വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയരക്ടർ ഓഫിസിന് മുമ്പിൽ നടത്തിയ ധർണ ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന കേന്ദ്ര കമ്മിറ്റിയംഗം വി.രാജേന്ദ്രൻ

# നാദാപുരത്ത് പൊതുസ്ഥലത്തെ അനധികൃത ബോർഡുകൾ നീക്കം ചെയ്തു

നാദാപുരം: ഗ്രാമപഞ്ചായത്തിൽ അനധികൃതമായി പൊതു സ്ഥലങ്ങളിൽ സ്ഥാപിച്ച പരസ്യ ബോർഡുകൾ, ബാനറുകൾ , കൊടി തോരണങ്ങൾ എന്നിവ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ നീക്കം ചെയ്തു. നാദാപുരം ഹോസ്പിറ്റൽ ജംഗ്ഷൻ മുതൽ കല്ലാച്ചി പോസ്റ്റോഫീസ് പരിസരം വരെയുള്ള സംസ്ഥാന പാതയുടെ ഇരുവശങ്ങളിലെ പൊതുസ്ഥലത്തുള്ള ബോർഡുകളാണ് നീക്കം ചെയ്തത്.

സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും, ആശുപത്രി, കുഴൽക്കിണർ എന്നിവയുടെ പരസ്യബോർഡുകളും മതസംഘടനകളുടെ പരിപാടികളുടെ ബോർഡുകൾ എന്നിവയാണ് കൂടുതലുള്ളത്. പഞ്ചായത്ത് ബസ് സ്റ്റാൻഡിലെ ബോർഡുകളും നീക്കം ചെയ്തു. ഹൈക്കോടതി ഉത്തരവ് പ്രകാരം ആറുമാസത്തിനുള്ളിൽ ഇത് നാലാം തവണയാണ് പഞ്ചായത്ത് അനധികൃത ബോർഡുകൾ നീക്കം ചെയ്യുന്നത്. ഏറ്റവും കൂടുതൽ ബോർഡുകൾ സ്ഥാപിച്ചതായി കണ്ടെത്തിയ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപന ഉടമയെ വിളിച്ചുവരുത്തി നോട്ടീസ് നൽകി. ബോർഡുകൾ നീക്കം ചെയ്യുന്ന പ്രവർത്തിക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ടി.ഷാഹുൽഹമീദ്, അസിസ്റ്റന്റ് സെക്രട്ടറി ടി. പ്രേമാനന്ദൻ , ഹെൽത്ത് ഇൻസ്പെക്ടർ കെ.സതീഷ് ബാബു, സി.ചന്ദ്രൻ, ഇ. പ്രവീൺകുമാർ, പി.മനോജൻ , ശ്രീജിത്ത് എന്നിവർ നേതൃത്വം നൽകി. അനധികൃത ബോർഡുകൾ ശ്രദ്ധയിൽ പെടുന്നപക്ഷം സ്ഥാപിച്ചവർക്കെതിരേയും സ്ഥാപനങ്ങൾക്കെതിരേയും പിഴ, പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കുന്നതായിരിക്കുമെന്ന് സെക്രട്ടറി അറിയിച്ചു. കൂടാതെ ഹൈക്കോടതിയെ ഈ കാര്യം അറിയിക്കുന്നതുമാണ്.




നാദാപുരത്ത് പൊതുസ്ഥലങ്ങളിൽ സ്ഥാപിച്ച അനധികൃത ബോർഡുകൾ നീക്കം ചെയ്യുന്നു




പെരിങ്ങാടി ശ്രീ മാങ്ങോട്ടുംകാവ് ഭഗവതി ക്ഷേത്രത്തിലെ സംസ്കൃത പഠനകേന്ദ്രത്തിന്റെ ഉദ്ഘാടന ചടങ്ങിൽനിന്ന്

## സൗജന്യ സംസ്കൃത പഠന കേന്ദ്രം തുടങ്ങി

ന്യൂമാഹി: പെരിങ്ങാടി ശ്രീ മാങ്ങോട്ടുംകാവ് ഭഗവതി ക്ഷേത്രത്തിൽ എല്ലാവർക്കും സംസ്കൃത ഭാഷാ പ്രാവിണ്യം എന്ന ആശയത്തോട് കൂടി ആരംഭിച്ച സംസ്കൃത പഠനകേന്ദ്രത്തിന്റെ ഉദ്ഘാടനം കർമ്മം പ്രശസ്ത സംസ്കൃത പണ്ഡിതൻ ഡോ. രാം ശക്തി ഭദ്രദീപം കൊളുത്തി നിർവഹിച്ചു. എല്ലാ ഞായറാഴ്ചയും നടക്കുന്ന ക്ലാസിനെ കുറിച്ച് വിശ്വ സംസ്കൃത പ്രതിഷ്ഠാനം കണ്ണൂർ ജില്ല അധ്യക്ഷ നിഷ പ്രവീൺ വിശദീകരണം നടത്തി. പ്രസിഡന്റ് ഒ.വി സുഭാഷ് അധ്യക്ഷത വഹിച്ചു. സി.വി രാജൻ മാസ്റ്റർ, വൈ. എം സജിത സംസാരിച്ചു. ഷാജി കൊള്ളുമ്മൽ സ്വാഗതവും പവിത്രൻ കൂലോത്ത് നന്ദിയും പറഞ്ഞു.

# ഗോകുലം മാളിൽ ആർവിയോൺസിന്റെ സൗജന്യ പവർ യോഗ പരിശീലനം 18ന്

കോഴിക്കോട്: 'ആരോഗ്യമാണ് അഭിമാനം' എന്ന ആശയത്തെ മുൻ നിർത്തി പവർ യോഗയിലൂടെ കേരളത്തിൽ അറിയപ്പെടുന്ന ആർവിയോൺസും മലബാറിലെ ശ്രദ്ധേയമായ ഗോകുലം മാളും അന്താരാഷ്ട്ര യോഗാ ദിനാഘോഷത്തിന്റെ ഭാഗമായി ഒന്നിക്കുന്നു. ഞായറാഴ്ച വൈകീട്ട് അഞ്ചിന് ഗോകുലം ഗലെറിയയിൽ സൗജന്യ പവർ യോഗ പരിശീലനം സംഘടിപ്പിച്ചാണ് ഗോകുലം മാളും ആർവിയോൺസും അന്താരാഷ്ട്ര യോഗ ദിനത്തെ വരവേൽക്കുന്നത്.രോഗപ്രതിരോധ ശക്തി പവർയോഗയിലൂടെ വർധിപ്പിക്കാൻ സഹായകമാകുമെന്ന് ഇന്റർനാഷണൽ കൊം പോ കരാട്ടേ ബ്ലാക്ക് ബെൽറ്റും ആർവിയോൺസ് ഫിസിക്സ് ഡിസൈനേഴ്സ് അക്കാദമിയുടെ ചെയർമാനും ആർവിയോൺസ് പവർ യോഗയുടെ ഉപജ്ഞാതാവുമായ രഞ്ജിത്ത് ആർവിയോൺസ് പറഞ്ഞു.തികച്ചും സൗജന്യമായാണ് ഗോകുലം ഗലെറിയ മാളിൽ ഞായറാഴ്ച വൈകീട്ട് അഞ്ചിന് പവർ യോഗ പരിശീലനം നൽകുന്നത് എന്ന് ഗോകുലം ഗലെറിയ ജനറൽ മാനേജർ രജിനി കെ.എൻ, മാർക്കറ്റിംഗ് മാനേജർ നൗഫൽ ഹംസയും അറിയിച്ചു. സൗജന്യ പവർ യോഗ പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ ജൂൺ 18ന് വൈകീട്ട് അഞ്ചിന് മുൻപായി ഗോകുലം ഗലെറിയ മാളിലെ ഒന്നാമത്തെ നിലയിൽ എത്തിച്ചേരണമെന്നും കുട്ടികളും സ്ത്രീകളും ഉൾപ്പെടെ ഏത് പ്രായക്കാർക്കും പവർ യോഗ പരിശീലനത്തിൽ പങ്കെടുക്കാമെന്നും ആർവിയോൺസ് പവർയോഗ സി.ഇ.ഒയും മാനേജിംഗ് ഡയരക്ടറും പരിശീലകയുമായ നിഷാ രഞ്ജിത്ത് പറഞ്ഞു.



ഒളവിലം രാമകൃഷ്ണ ഹൈസ്കൂൾ പൂർവവിദ്യാർത്ഥി സംഗമത്തിൽ പ്രശസ്ത പുല്ലാങ്കുഴൽ വിദഗ്ധൻ ശ്രീനാഥ് ഒളവിലത്തിനെ ദേശീയ അധ്യാപക അവാർഡ് ജേതാവും ഗ്രന്ഥകാരനുമായ സി.വി രാജൻ പെരിങ്ങാടി ആദരിക്കുന്നു

# ജില്ലാതല ബാങ്കിംഗ് അവലോകന സമിതിയുടെ നാലാംപാദ യോഗം നടത്തി

കോഴിക്കോട്: ജില്ലാതല ബാങ്കിംഗ് അവലോകന സമിതിയുടെ 2022-23 സാമ്പത്തിക വാർഷത്തെ 31.03.2023ന് അവസാനിച്ച നാലാംപാദത്തിന്റെ യോഗം മലബാർ പാലസിൽ വച്ച് നടന്നു. ജില്ലാകലക്ടർ എ.ഗീത ഐ.എ.എസ് ഉദ്ഘാടനം ചെയ്തു. റീജ്യണൽ ഹെഡ് ഡോ. ടോംസ് വർഗീസ് (കനറാബാങ്ക്) അധ്യക്ഷത വഹിച്ച് മുഖ്യപ്രഭാഷണം നടത്തി. 2022-23 സാമ്പത്തികവർഷത്തിലെ 31.03.2023ന് അവസാനിച്ച നാലാംപാദത്തിൽ ജില്ലയിലെ ബാങ്കുകളുടെ മൊത്തം നിക്ഷേപം 60099 കോടി രൂപയും വായ്പ 49714 കോടി രൂപയുമാണ്. ജില്ലയുടെ വായ്പ നിക്ഷേപ അനുപാതം 83%




ജില്ലാതല ബാങ്കിംഗ് അവലോകന സമിതിയുടെ നാലാംപാദ യോഗം ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന ജില്ലാകലക്ടർ എ.ഗീത ഐ.എ.എസ്

ആണ്. ജില്ലയിലെ ബാങ്കുകൾ കാർഷിക വായ്പായിനത്തിൽ 9797 കോടി രൂപയും ചെറുകിട-ഇടത്തരം വ്യവസായ കച്ചവട വിഭാഗത്തിൽ 3725 കോടി രൂപയും വായ്പയായി അനുവദിച്ചു.

മൊത്തം മുൻഗണനാ വിഭാഗത്തിൽ 14297 കോടി രൂപ വിവിധ വായ്പാ വിഭാഗത്തിൽ 2022-23 സാമ്പത്തിക വർഷത്തിലെ അവസാനപാദം അവസാനിക്കുമ്പോൾ വായ്പയായി നൽകി. റിസർവ്ബാങ്ക് പ്രതിനിധി രജ്ജിത്ത്, നബാർഡ് ഡി.ഡി.എം മുഹമ്മദ് റിയാസ് എന്നിവർ വിവിധ വിഷയങ്ങളിൽ സംസാരിച്ചു. കോഴിക്കോട് ലീഡ് ഡിസ്ട്രിക്ട് മാനേജർ മുരളിധരൻ ടി.എം സ്വാഗതവും കോഴിക്കോട് ലീഡ് ബാങ്ക് അജയ് മോഹൻ നന്ദിയും പറഞ്ഞു.

# ക്ഷേമ വികസന വിഷയത്തിൽ മോദിയെ തോൽപ്പിക്കാൻ ഇന്ത്യയിൽ മറ്റൊരു നേതാവില്ല: എ.പി അബ്ദുള്ളകുട്ടി

കോഴിക്കോട്: നരേന്ദ്ര മോദി സർക്കാരിന്റെ ഒമ്പതാമത് വാർഷികത്തിന്റെ ഭാഗമായി ബി.ജെ.പി നേർത്ത് നിയോജക മണ്ഡലം കമ്മിറ്റി സംഘടിപ്പിച്ച സംയുക്ത മോർച്ച സംഗമം ദേശീയ വൈസ് പ്രസിഡന്റ് എ.പി അബ്ദുള്ള കുട്ടി ഉദ്ഘാടനം ചെയ്തു. ലോക ജനാധിപത്യ രാഷ്ട്രങ്ങളെ ക്ഷേമ സർക്കാരിന്റെ ക്ലാസ് മുറിയായി കരുതുകയാണെങ്കിൽ നരേന്ദ്രമോദി ഏറ്റവും മിടുക്കനായ വിദ്യാർഥിയാണ്. എല്ലാ സബ്ജക്ടിലും എപ്ലസ് നേടിയ മിടുക്കനായ വിദ്യാർഥി. അഴിമതി വിരുദ്ധ വിഷയത്തിൽ ഫുൾ എപ്ലസ് ആണ് മോദിക്ക്. ഡിജിറ്റൽ ഇന്ത്യയിൽ ലോക റാങ്ക് ജേതാവായ




ബി.ജെ.പി നോർത്ത് നിയോജക മണ്ഡലം കമ്മിറ്റി സംഘടിപ്പിച്ച സംയുക്ത മോർച്ച സംഗമം ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന ദേശീയ വൈസ് പ്രസിഡന്റ് എ.പി അബ്ദുള്ള കുട്ടി

നരേന്ദ്രമോദിയുടെ പ്രോഗ്രസ് കാർഡുമായി അഭിമാനത്തോടുകൂടിയാണ് ഒമ്പതാം വർഷത്തിൽ തങ്ങൾ ജനങ്ങളുടെ മുന്നിൽ നിൽക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. ഒ.ബി.സി മോർച്ച ജില്ലാ ജനറൽ സെക്രട്ടറി ടി.എം അനിൽ കുമാർ അധ്യക്ഷത വഹിച്ചു. സംസ്ഥാന സമിതി അംഗം കെ.രജനിഷ് ബാബു മുഖ്യപ്രഭാഷണം നടത്തി. സംസ്ഥാന സമിതി അംഗം സതീശ് പാറന്നൂർ, ജില്ല ജനറൽ സെക്രട്ടറി ഇ. പ്രശാന്ത് കുമാർ , ന്യൂനപക്ഷ മോർച്ച ജില്ലാ പ്രസിഡന്റ് ഷെയ്ക് ഷാഹിദ്, നടക്കാവ് മണ്ഡലം പ്രസിഡന്റ് കെ.ഷൈബു, നേർത്ത് മണ്ഡലം പ്രസിഡന്റ് സബിത പ്രഹ്ലാദൻ , കൗൺസിലർ എൻ.ശിവ പ്രസാദ് എന്നിവർ സംസാരിച്ചു. മഹിള മോർച്ച ജില്ലാ സെക്രട്ടറി ശ്രീജ സി. സ്വാഗതവും, ഒ.ബി.സി മോർച്ച ജില്ലാ ജനറൽ സെക്രട്ടറി അജയഘോഷ് നന്ദിയും പറഞ്ഞു.



പുരോഗമന കലാ സാഹിത്യ സംഘം ന്യൂമാഹി യൂണിറ്റ് സമ്മേളനം യുവ കവയിത്രി ആതിര.ആർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു

# പുരോഗമന കലാ സാഹിത്യ സംഘം യൂണിറ്റ് സമ്മേളനം നടത്തി

ന്യൂ മാഹി: പുരോഗമന കലാ സാഹിത്യ സംഘം ന്യൂ മാഹി യൂണിറ്റ് സമ്മേളനം യുവ കവയിത്രി ആതിര.ആർ ഉദ്ഘാടനം ചെയ്തു. 'ഇന്ത്യ- വർത്തമാന കലം ഇടപെടലുകൾ' എന്ന വിഷയത്തിൽ പുരോഗമന കലാ സാഹിത്യസംഘം സംസ്ഥാന കമ്മിറ്റി അംഗം ടി.എം ദിനേശൻ പ്രഭാഷണം നടത്തി. വൈ.എം അനിൽ കുമാർ അധ്യക്ഷത വഹിച്ചു. അർജുൻ പവിത്രൻ, കെ. ജയപ്രകാശൻ, പി.പി രഞ്ജിത്ത് എന്നിവർ സംസാരിച്ചു. ഭാരവാഹികളായി വൈ.എം അനിൽകുമാർ (പ്രസിഡന്റ്), പി.പി രഞ്ജിത്ത് (വൈസ് പ്രസിഡന്റ്), അർജുൻ പവിത്രൻ (സെക്രട്ടറി), ടി.കെ ശ്രീജിത്ത് (ജോയന്റ് സെക്രട്ടറി) എന്നിവരെ തെരഞ്ഞെടുത്തു.



ഇല്ലത്ത്താഴ വയലളം വെസ്റ്റ് എൽ.പി സ്കൂൾ വിദ്യാർഥികൾ വയലളം റീഡേർസ് സെന്ററിന് സമ്മാനിച്ച ചുമർ പത്രം റീഡേർസ് സെന്റർ പ്രസിഡന്റ് വി.കെ ബാലൻ പ്രകാശനം ചെയ്തപ്പോൾ

# തലശ്ശേരി ബ്രണ്ണൻ സ്കൂളിൽ കരനെൽ കൃഷിക്ക് വിത്തിട്ടു

തലശ്ശേരി: ഗവ. ബ്രണ്ണൻ ഹയർസെക്കൻഡറി സ്കൂളിൽ നാഷണൽ സർവീസ് സ്കീം യൂണിറ്റിന്റെ നേതൃത്വത്തിൽ കരനെൽ കൃഷിക്ക് തുടക്കമായി. ജൈവ കർഷക അവാർഡ് ജേതാവ് സി.വി സുമജൻ വിത്ത് വിതച്ച് ഉദ്ഘാടനം ചെയ്തു. വളന്റിയർമാർക്ക് നെൽ കൃഷിയെക്കുറിച്ച് അദ്ദേഹം ക്ലാസെടുത്തു. പി.ടി.എ പ്രസിഡന്റ് പി.എം. സജിത അധ്യക്ഷത വഹിച്ചു. പി.എ.സി മെമ്പർ രശ്മി, ഡോ.പ്രശാന്ത്, പ്രോഗ്രാം ഓഫിസർ റീജ എന്നിവർ നേതൃത്വം നൽകി. നെൽകൃഷിയുടെ മഹത്വത്തെക്കുറിച്ചും മാലിന്യങ്ങൾ വലിച്ചെറിയുന്നതിനെക്കുറിച്ചും പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിക്കുന്നത് വഴിയുണ്ടാകുന്ന ആപത്തുകളെക്കുറിച്ചും സുമജൻ വളന്റിയർമാരെ ബോധവാന്മാരാക്കി.



ഗവ. ബ്രണ്ണൻ ഹയർസെക്കൻഡറി സ്കൂളിൽ നാഷണൽ സർവീസ് സ്കീം യൂണിറ്റിന്റെ നേതൃത്വത്തിൽ ആരംഭിക്കുന്ന കരനെൽ കൃഷിയുടെ ഉദ്ഘാടനം വിത്ത് വിതച്ച് നിർവഹിക്കുന്ന ജൈവ കർഷക അവാർഡ് ജേതാവ് സി.വി സുമജൻ

# വായനശാലയ്ക്ക് കുട്ടികൾ ചുമർ പത്രം സമ്മാനിച്ചു

തലശ്ശേരി: ഇല്ലത്ത് താഴ വയലളം വെസ്റ്റ് എൽ.പി സ്കൂൾ വിദ്യാർഥികൾ തങ്ങളുടെ പ്രിയപ്പെട്ട വായനശാലയായ വയലളം റീഡേർസ് സെന്ററിന് സ്വന്തം രചനകളും ചിത്രങ്ങളും ഉൾപ്പെടുത്തി തയ്യാറാക്കിയ ചുമർപ്പത്രം സമ്മാനിച്ചു.'മഴ' എന്ന പേരിൽ പ്രകാശനം ചെയ്യപ്പെട്ട ചുമർ പത്രം നിറയെ മഴക്കാലത്തെ കുറിച്ചുള്ള കവിതകളും അനുഭവങ്ങളും , മഴയ്ക്കെഴുതിയ കത്തുകളും മഴച്ചിത്രങ്ങളുമായിരുന്നു. കുട്ടികൾ അധ്യാപകർക്കൊപ്പം വായനശാലയിൽ എത്തിയാണ് ചുമർ പത്രം സമ്മാനിച്ചത്. സ്കൂളിന്റെ നാല് ചുമരുകൾക്കുള്ളിൽ നിന്നും സമൂഹത്തിന്റെ തുറസ്സിലേക്ക് തങ്ങളുടെ കൊച്ചു സമ്മാനവുമായെത്തിയ കുട്ടികൾ നന്മയുടെ ഒരു പുതിയ പാഠം എഴുതിച്ചേർക്കുകയായിരുന്നു. റീഡേർസ് സെന്റർ പ്രസിഡന്റ് വി.കെ ബാലൻ പ്രകാശനം നിർവഹിച്ചു. കെ. സുരേഷ് മാസ്റ്റർ, രാജേഷ് പനങ്ങാട്ടിൽ, എ.കെ പുഷ്പവല്ലി സംസാരിച്ചു. എൻ. ഷാജി, എൻ.എം ദിലീഷ് , പ്രിയ പി.കെ, വി. ഷബിത , എ.ചന്ദ്രൻ , മീര മാധവൻ പങ്കെടുത്തു.

# തലശ്ശേരി മേഖല മുഅല്ലിം സമ്മേളനം നടത്തി

തലശ്ശേരി: നവലോക ക്രമത്തിൽ മുഅല്ലിം സമൂഹം ആർജിക്കേണ്ട വികാസത്തെ ആസ്പദമാക്കി നടന്ന തലശ്ശേരി മേഖല മുഅല്ലിം സമ്മേളനം ചിറക്കര നൂറുൽ ഹുദാ മദ്റസയിൽ കെ.എം.ജെ സ്റ്റേറ്റ് വിദ്യാഭ്യാസ ഡയരക്ടർ പ്രൊഫസർ യു.സി അബ്ദുൽ മജീദ് ഉദ്ഘാടനം ചെയ്തു. റഫീഖ് അഹ്സനി പ്രാർത്ഥന നടത്തി. തലശ്ശേരി, ധർമ്മടം, ന്യൂ മാഹി റെയ്ഞ്ചുകളിൽ നിന്നായി 100 ൽ പരം പ്രതിനിധികൾ പങ്കെടുത്തു. അധ്യാപകന്റെ ആത്മീയ ലോകം, കുട്ടികളും അവകാശങ്ങളും എന്നീ രണ്ട് ക്ലാസുകൾക്ക് എസ്.എം.ജെ




തലശ്ശേരി മേഖല മുഅല്ലിം സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന പ്രൊഫസർ യു.സി അബ്ദുൽ മജീദ്

സ്റ്റേറ്റ് സെക്രട്ടറി സുലൈമാൻ സഖാഫി കുഞ്ഞുകുളം, എസ്.ജെ.എം ട്യൂട്ടർ അബ്ദുൽ ഗഫൂർ സഖാഫി വിളയിൽ നേതൃത്വം നൽകി. സ്വാഗത സംഘം കൺവീനർ മുഹമ്മദ് ശമീർ സഖാഫി സ്വാഗതം പറഞ്ഞു. ചെയർമാൻ അബ്ദുസ്സത്താർ സഖാഫി അധ്യക്ഷത വഹിച്ചു. ബഷീർ സഖാഫി, ഉമർ സഖാഫി നാഹിദ് അമാനി, അബ്ദുൽ അസീസ് മള്ഹരി, ടി.പി അബ്ദുള്ള, മുഹമ്മദ് നൗഫൽ പയേരി തുടങ്ങിയവർ സംസാരിച്ചു. സമാപന പ്രാർത്ഥനക്ക് സയ്യിദ് സഅദുല്ല സഖാഫി നേതൃത്വം നൽകി. സ്വാഗത സംഘം കൺവീനർ മുഹമ്മദ് ശമീർ സഖാഫി സ്വാഗതവും കോ-ഓർഡിനേറ്റർ യഅ്ഖൂബ് സഅദി നന്ദിയും പറഞ്ഞു.

# ഇരുവഞ്ഞി പുഴയിലേക്ക് കാർ മറിഞ്ഞു; യുവാവിന് ദാരുണാന്ത്യം

കോഴിക്കോട്: തിരുവമ്പാടിയിൽ പുഴയിലേക്ക് കാർ മറിഞ്ഞ് യുവാവ് മരിച്ചു. തിരുവമ്പാടി സ്വദേശി മുഹാജിറിനാണ് (45) ദാരുണാന്ത്യം. സഹയാത്രികൻ റഹീസിനെ ഗുരുതര പരുക്കുകളോടെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിച്ചു. ഇന്നലെ രാവിലെ 11 മണിയോടെയായിരുന്നു അപകടം.



മുഹാജിർ

തിരുവമ്പാടിയിൽ നിന്നും തമ്പല വഴി കോടഞ്ചേരിക്ക് പോകുകയായിരുന്നു. രണ്ട് പേർ മാത്രമാണ് കാറിൽ ഉണ്ടായിരുന്നത്. യാത്രക്കിടയിൽ ടാർ ചെയ്യാത്ത സ്ഥലത്ത് വെച്ച് കാർ നിയന്ത്രണം വിട്ട് ഇരുവഞ്ഞി പുഴയിലേക്ക് മറിയുകയായിരുന്നു. മുഹാജിർ തിരുവമ്പാടി തോട്ടത്തിൻ കടവ് പച്ചക്കാട് സ്വദേശിയാണ്.

## അഖില കേരള ചിത്രരചനാ മത്സരം: വിജയികളെ പ്രഖ്യാപിച്ചു

കോഴിക്കോട്: അപ്പു നെടുങ്ങാടി അനുസ്മരണ സമിതി നടത്തിയ അഖില കേരള ചിത്രരചനാ മത്സരത്തിൽ എൽ.കെ.ജി, യു.കെ.ജി വിഭാഗത്തിൽ അജ്ന്റ നെവൻ.ബി -കണ്ണൂർ ഒന്നാം സ്ഥാനത്തിനും നൈതിക സന്തോഷ്-കണ്ണൂർ രണ്ടാം സ്ഥാനത്തിനും എൽ.പി വിഭാഗത്തിൽ ഹയഫാത്തിമ കക്കാട്-കണ്ണൂർ ഒന്നാം സ്ഥാനത്തിനും കാർത്തിക്.ഇ-കോഴിക്കോട് രണ്ടാം സ്ഥാനത്തിനും യു.പി വിഭാഗത്തിൽ നിഹാരിക രാജ്-ചേമഞ്ചേരി ഒന്നാം സ്ഥാനത്തിനും സിയ ഫാത്തിമ-ഫറോക്ക് രണ്ടാം സ്ഥാനത്തിനും ഹൈസ്കൂൾ വിഭാഗത്തിൽ അളകന്ദ-ഫറോക്ക് ഒന്നാ സ്ഥാനത്തിനും ഹൻസ ഫാത്തിമ കക്കാട്-കണ്ണൂർ രണ്ടാം സ്ഥാനത്തിനും അർഹരായതായി അപ്പു നെടുങ്ങാടി അനുസ്മരണ സമിതി കൺവീനർ പി.കെ ലക്ഷ്മിദാസ് അറിയിച്ചു.

# യുവാവിനെ ചിറയിൽ മുങ്ങി മരിച്ച നിലയിൽ കണ്ടെത്തി

തലശ്ശേരി: എരഞ്ഞോളി മലാലിലെ തയ്യുള്ളതിൽ പ്രനീഷിനെ (33) കതിരൂർ സൂര്യനാരായണ ക്ഷേത്രത്തിലെ ചിറയിൽ മുങ്ങി മരിച്ച നിലയിൽ കണ്ടെത്തി. കഴിഞ്ഞ മൂന്ന് ദിവസങ്ങളായി ഇയാളെ കാണാനില്ലായിരുന്നു. ഇത് സംബന്ധിച്ച് ബന്ധുക്കൾ കതിരൂർ പോലിസിൽ പരാതിപ്പെട്ടിരുന്നു. മൃതദേഹം തലശ്ശേരി ജനറൽ ആശുപത്രിയിൽ പോസ്റ്റ്മോർട്ടം നടത്തും. മലാലിലെ തയ്യുള്ളതിൽ പവിത്രന്റെയും ശ്യാമളയുടെയും മകനാണ്. അവിവാഹിതനാണ്. സഹോദരൻ പ്രിയേഷ്.



പ്രനീഷ്

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.